# ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിലിനെ പൊന്നാട അണിയിച്ച് ആദരിച്ചു

ന്യൂയോർക്ക് : വിചാരവേദിയുടെ പ്രതിമാസ സമ്മേളനങ്ങളിൽ അമേരിക്കൻ മലയാളി എഴുത്തുകാരെ ആദരിക്കാനും അവരുടെ കൃതികളെ കുറിച്ചുള്ള സമഗ്ര പഠനം നടത്തുവാനും തീരുമാനിച്ചതനുസരിച്ച് 2010 ജൂൺ മാസം 12 ശനിയാഴ്ച സുപ്രസിദ്ധ അമേരിക്കൻ മലയാളി കവയിത്രിയും സാഹിത്യകാരിയുമായ ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിലിനെ എഴുത്തുകാരുടെയും, ആസ്വാദകരുടെയും, ബന്ധുമിത്രാദികളുടെയും നിറഞ്ഞ സദസ്സിൽ വച്ച് സമുചിതമായി ആദരിച്ചു. പ്രശസ്ത സാമൂഹ്യ പ്രവർത്തകയും എഴുത്തുകാരിയുമായ ശ്രീമതി ലില്ലിക്കുട്ടി ഇല്ലിക്കൽ വിചാരവേദിക്കുവേണ്ടി ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിലിനെ അവരുടെ സമഗ്ര സംഭാവനകളെ മാനിച്ചുകൊണ്ട് പൊന്നാട അണിയിച്ച് അഭിനന്ദിച്ചു. ഇത് ശ്രീമതി ശങ്കരത്തിലിന്റെ പിറന്നാൾ മാസമായതിനാൽ വിചാരവേദി ഭാരവാഹികൾ ജന്മദിന കേക്കുകളും പൂച്ചെണ്ടുകളും നൽകി അവർക്ക് ആയുരാരോഗ്യങ്ങൾ ആശംസിച്ചു.

എൽസിയുടെ കൃതികളെപ്പറ്റി നിരൂപകരും ആസ്വാദകരും ഇതുവരെ നടത്തിയിട്ടുള്ള പഠനങ്ങളും, എഴുതിയിട്ടുള്ള ലേഖനങ്ങളും, അവരുടെ കൃതികളെ കുറിച്ച് വിവിധ പത്രമാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തകളും സമാഹരിച്ച് ശ്രീ. സുധീർ പണിക്കവീട്ടിൽ തയ്യാറാക്കിയ 175 പേജുകളുള്ള ബൃഹത്തായ ഒരു സുവനീർ വിചാരവേദിയുടെ സെക്രട്ടറി ശ്രീ. സാംസി കൊടുമൺ ഒരു കോപ്പി ശ്രീമതി ശങ്കരത്തിലിനു നൽകിക്കൊണ്ട് ഔപചാരികമായി ഉദ്ഘാടനം ചെയ്തു. വിചാരവേദിയുടെ അഭൂതപൂർവ്വമായ ഈ സംരംഭം അനുമോദനീയവും, എഴുത്തകാർക്ക് ആത്മവിശ്വാസവും, പ്രോത്സാഹനവും നൽകാൻ പര്യാപ്തമാണെന്നും യോഗത്തിൽ സന്നിഹിതരായവർ ഐകകണ്ഠേന പ്രസ്താവിച്ചു. എഴുത്തുകാരുടെ നന്മയെ ലക്ഷ്യമാക്കി പുതിയ പുതിയ ആശയങ്ങളുമായി വരുന്ന വിചാരവേദിക്ക് എല്ലാ എഴുത്തുകാരും നന്ദിയും ആശംസകളും അർപ്പിച്ചു.

വിചാരവേദി പ്രസിഡന്റ് ശ്രീ. വാസുദേവ് പുളിക്കലിന്റെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ച ചടങ്ങിൽ അദ്ദേഹം എൽസിയുടെ കൃതികളെക്കുറിച്ച് സംക്ഷിപ്തമായി സംസാരിച്ചു. അതിനു ശേഷം, നിരൂപകനും, കവിയും, ലേഖകനും, കലാ—സാംസ്ക്കാരിക രംഗത്തെ അനിഷേധ്യ സാന്നിദ്ധ്യവുമായ ഡോക്ടർ നന്ദകുമാർ ചാണയിൽ എൽസിയുടെ സമഗ്ര കൃതികളിലൂടെ നടത്തിയ സുദീർഘവും, വിശകലനാത്മകവുമായ പഠനത്തെ ആസ്പദമാക്കി ഒരു പ്രബന്ധം സമർപ്പിച്ചു. ''ഒന്നല്ല, എട്ടു കവിതാസമാഹാരങ്ങളും ധാരാളം ലേഖനങ്ങളും എഴുതി മലയാളഭാഷയെ ധന്യമാക്കിയ കവയിത്രി, പ്രവാസി അമേരിക്കൻ മലയാളി സാഹിത്യ പ്രവർത്തകരിൽ മുൻപന്തിയിൽ നിൽക്കുന്ന കവയിത്രി, സുഭിക്ഷിതയിലും അഹന്തയില്ലാതെ എളിമ പുലർത്തുന്ന മാതൃകാ കുടുംബിനി, സാമൂഹ്യപ്രവർത്തനങ്ങളിലും ദൈവകാരുണ്യ കർമ്മങ്ങളിലും മുഴുകിയിരിക്കുന്ന വീട്ടമ്മ, കഴിഞ്ഞ 40 വർഷങ്ങളായി മലയാളമണ്ണിൽനിന്നും അകന്നു നിന്നിട്ടും മലയാളഭാഷയെ മാറോടണച്ചു സ്നേഹിക്കുന്ന, വൃത്തബദ്ധമായ രചനാചാതുരി നിറഞ്ഞ കവിതകൾക്ക്, അതിപ്രശസ്തരും അതികായരുമായ സർഗ്ഗപ്രതിഭകളുടെ അവതാരികകൾ അലങ്കരിക്കുന്ന കവിതാസമാഹാരങ്ങൾക്ക് ഒരു ഡസനിലേറെ മഹത്തായ പുരസ്ക്കാരങ്ങളും ഇവരെ തേടിവന്നിട്ടുണ്ട്, '' എന്ന് വാസദേവ് പുളിക്കലും ഡോ. നന്ദകുമാറും തങ്ങളുടെ പ്രസംഗങ്ങളിൽ എടുത്തു പറഞ്ഞു.

യേ

യോഗത്തിൽ കവയിത്രിയുടെ പ്രിയ ഭർത്താവ് ബഹുമാനപ്പെട്ട ഡോക്ടർ യേഹന്നാൻ ശങ്കരത്തിൽ കോർ എപ്പിസ്ക്കോപ്പാ എൽസിയുടെ കവിതകളെക്കുറിച്ചും അവരുടെ കവിതകളുടെ ആദ്യ നിരൂപകൻ താനാണെന്നും, വൃത്തപരിമിതികളുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് കഠിനപദങ്ങളും സംസ്കൃതപദങ്ങളും എൽസിയുടെ കവിതകളിൽ ധാരാളമായി കാണുന്നുണ്ടെന്നും, മലയാള കവിതകളെ പൊതവായും സ്പർശിച്ചുകൊണ്ട് ഒരു ഹ്രസ്വ പ്രഭാഷണം നടത്തി. അതിനു ശേഷം ഡോക്ടർ എൻ. പി. ഷീല, ഡോക്ടർ ജോയി കുഞ്ഞാപ്പു, ബാബുക്കുട്ടി ഡാനിയൽ,, രാജു തോമസ്, ശ്രീമതി ശാന്താ രാജു തോമസ്, കുറിയാക്കോസ് വർക്കി തുടങ്ങിയവർ ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിലിന്റെ കാവ്യലോകത്തെ അവലോകനം ചെയ്തുകൊണ്ട് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ശ്രീമതി ശങ്കരത്തിൽ നന്ദിയുടെ ഊഷ്മള വീർപ്പുകൾ നിറച്ചുകൊണ്ടുള്ള കാവ്യശൈലിയിൽ വിചാരവേദിയുടെ ഭാരവാഹികൾക്കും, വളരെയധികം ക്ലേശപൂർണ്ണമായ യത്നത്തിലൂടെ വളരെ പ്രബുദ്ധമായ ഒരു സുവനീർ തയ്യാറാക്കിയ ശ്രീ സുധീർ പണിക്കവീട്ടിലിനും നന്ദിസ്തവങ്ങളും, തന്നെ അനുമോദിക്കാൻ എത്തിച്ചേർന്ന പ്രൗഢമായ സദസ്സിനു കൃതജ്ഞതയും അർപ്പിച്ചു. ജന്മദിന

മധുരമായി ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിൽ തയ്യാറാക്കിയിരുന്ന ഭക്ഷണത്തിനുശേഷം യോഗം സമംഗളം പര്യവസാനിച്ചു.

വാസുദേവ് പുളിക്കൽ (വിചാരവേദി പ്രസിഡന്റ്)
സാംസി കൊടുമൺ (വിചാരവേദി സെക്രട്ടറി)

ന്യൂയോർക്ക്
ജൂൺ 12, 2010